ഗുരുമാർഗം

കൈത്തലം ഉറങ്ങാൻ തലയണയായി ഭവിക്കയില്ലയോ? ഭൂമി മഞ്ചമായി ഭവിക്കയില്ലയോ? തന്റെ കാലടികൾ പതിച്ച് പാപസമൂഹം മുഴുവൻ ഹരിക്കാൻ കഴിയാത്ത വണ്ണം പവിത്രമായി ഭൂമി പതിക്കയില്ലയോ?

ഒരു ജാതി ഒരു മതം ഒരു ദൈവം

അശ്വതി 30 - 08
ത്രയോദശി 19 - 11
1940 കാർത്തികം 30
1439 റബീ ഉൽ അവ്വൽ 13
1194 വൃശ്ചികം 05

എല്ലാ വീടുകളിലുമെത്തട്ടെ പ്രകൃതി വാതകം

കാര്യമറിയാതെയുള്ള തർക്കങ്ങളിൽപെട്ട് കിടന്നുപോകാതിരുന്നെങ്കിൽ സിറ്റിഗ്യാസ് പദ്ധതി സംസ്ഥാനത്തുടനീളം നാലുവർഷം മുൻപേ പ്രാവർത്തികമാകേണ്ടതായിരുന്നു. ഗ്യാസ് കൊണ്ടുപോകുന്നതിനുള്ള പൈപ്പ് ഇടുന്നതിനെച്ചൊല്ലി ഉയർന്ന വിവാദങ്ങളും ഭയാശങ്കകളുമാണ് പദ്ധതി നീട്ടിക്കൊണ്ടുപോയത്. എൽ.ഡി.എഫ് സർക്കാർ രണ്ടരവർഷം മുൻപ് അധികാരത്തിൽ വന്നപ്പോഴാണ് പദ്ധതിക്ക് വീണ്ടും ജീവൻ വച്ചത്. ആരൊക്കെ എതിർത്താലും ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കുക തന്നെ ചെയ്യുമെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ നിശ്ചയദാർഢ്യം ഒന്നുകൊണ്ടാണ് ഏറെ വൈകിയെങ്കിലും പദ്ധതി ഇപ്പോൾ ആരംഭിക്കാൻ കഴിയുന്നത്.

സംസ്ഥാനത്തെ ഏഴു ജില്ലകളെ ഉൾപ്പെടുത്തിയുള്ള സിറ്റി ഗ്യാസ് പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം വ്യാഴാഴ്ച പ്രധാനമന്ത്രി നരേന്ദ്രമോദി നിർവഹിക്കുകയാണ്. വെബ് കാസ്റ്റ് വഴിയാകും ചടങ്ങ്. തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നടക്കുന്ന ചടങ്ങുകളിൽ ഉദ്ഘാടന പരിപാടി ദൃശ്യമാകും.

ഏറ്റവും ചെലവു കുറഞ്ഞ പ്രകൃതി വാതകം സംസ്ഥാനത്തെ ഓരോ വീട്ടിലും എത്തിക്കുകയാണ് സിറ്റി ഗ്യാസ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കൊച്ചി എൽ.എൻ.ജി ടെർമിനലിൽ ഇറക്കുമതി ചെയ്യുന്ന വാതകം പൈപ്പ് വഴി ആദ്യം ഏഴു ജില്ലകളിൽ എത്തിക്കുന്ന ആദ്യ ഘട്ടത്തിന്റെ നിർമ്മാണ ഉദ്ഘാടനമാണ് വ്യാഴാഴ്ച നടക്കുന്നത്. ഇതോടൊപ്പം തന്നെ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അടുത്ത ഘട്ടം പദ്ധതിയുടെ ടെൻഡർ നടപടികളും തുടങ്ങാൻ പോവുകയാണ്.

പെട്രോളിയം ഉത്പന്നങ്ങളുടെ അഭൂതപൂർവമായ വിലക്കയറ്റം പരിഗണിക്കുമ്പോൾ വളരെ മുന്നേ തന്നെ പൂർത്തിയാക്കേണ്ട പദ്ധതിയായിരുന്നു ഇത്. സബ്സിഡിയില്ലാത്ത ഒരു ഗ്യാസ് സിലിണ്ടറിന് വില ആയിരം രൂപയോടടുക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രകൃതി വാതകത്തിന്റെ കടന്നുവരവ് സാധാരണക്കാർക്ക് വലിയ അനുഗ്രഹമാകും.

കൊച്ചിയിൽ തുടക്കം കുറിച്ച സിറ്റി ഗ്യാസ് പദ്ധതി വിചാരിച്ച വേഗത്തിൽ പുരോഗതി പ്രാപിച്ചില്ല. നാല്പതിനായിരത്തിൽപ്പരം ഗാർഹിക കണക്ഷനാണ് ലക്ഷ്യം വച്ചതെങ്കിലും കഷ്ടിച്ച് മൂവായിരം കണക്ഷൻ നൽകാനേ ഇതിനകം കഴിഞ്ഞുള്ളൂ. പൈപ്പ് ലൈൻ കടന്നു പോകേണ്ട വിവിധ ജില്ലകളിലെ ജനങ്ങളിൽ നിന്നുയർന്ന അതിശക്തമായ എതിർപ്പുകളാണ് പദ്ധതിയുടെ ചിറകൊടിച്ചത്. ഉയർന്ന തോതിൽ നഷ്ട പരിഹാരം നൽകിയും ജനങ്ങളുടെ ഭീതി അസ്ഥാനത്താണെന്ന് ബോദ്ധ്യപ്പെടുത്തിയും പ്രതിബന്ധങ്ങൾ തരണം ചെയ്യാൻ കഴിഞ്ഞതുകൊണ്ടാണ് ഇപ്പോഴെങ്കിലും പദ്ധതി നടപ്പാക്കുന്നതിനുള്ള അരങ്ങൊരുങ്ങുന്നത്. ഏഴു വടക്കൻ ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗ്യാസ് വിതരണ പദ്ധതിക്ക് 1200 കോടി രൂപയാണ് ചെലവ്. പതിനേഴേകാൽ ലക്ഷം കണക്ഷൻ നൽകുകയാണ് ലക്ഷ്യം. ഇതിനായി ഏഴു ജില്ലകളിലായി 596 എൽ.എൻ.ജി പമ്പുകൾ നിലവിൽ വരും. പദ്ധതി എട്ടുവർഷം കൊണ്ട് പൂർത്തിയാകുമ്പോൾ പതിനായിരം പേർക്കെങ്കിലും പുതുതായി തൊഴിൽ ലഭിക്കും. നികുതിയിനത്തിൽ സംസ്ഥാന സർക്കാരിനും വൻ നേട്ടമുണ്ടാകും. നേരത്തേയുള്ള കണക്കനുസരിച്ച് പ്രതിവർഷം ആയിരം കോടിയുടെ നികുതി വരുമാനമാണ് പ്രതീക്ഷിക്കുന്നത്. പദ്ധതിയുടെ ഭാഗമായി 5827 കിലോമീറ്റർ ദൂരത്തിൽ പൈപ്പ് ഇടേണ്ടി വരും. പുതിയ പ്രതിബന്ധങ്ങൾ ഉയരാതിരുന്നാൽ അടുത്ത ഒരു ദശകത്തിനകം സംസ്ഥാനത്തിന് ഗ്യാസ് ലൈൻ പദ്ധതി വഴി വൻ വികസന സാദ്ധ്യതകളാവും തെളിയുന്നത്. ഗാർഹിക കണക്ഷനു പുറമെ വാഹനങ്ങൾക്കും വ്യവസായ ശാലകൾക്കും പ്രകൃതി വാതകം പ്രയോജനപ്പെടുത്താനാകും. ഇതിനായി പ്രത്യേക സി.എൻ.ജി പമ്പുകളും സ്ഥാപിതമാകും.

സംസ്ഥാനത്ത് സിറ്റി ഗ്യാസ് പദ്ധതികൾ തുടക്കം കുറിച്ചതിനൊപ്പം മറ്റിടങ്ങളിൽ തുടങ്ങിയ പദ്ധതികൾ നേരത്തേ തന്നെ ഫലപ്രാപ്തിയിലെത്തിയിരുന്നു. കൊച്ചിയിൽ നിന്ന് മംഗലാപുരത്തേക്ക് പൈപ്പ് ലൈൻ കടന്നു പോകുന്ന ജില്ലകളിലാണ് ആദ്യം സിറ്റി ഗ്യാസ് പദ്ധതി എത്തുന്നത്. ദേശീയ തലത്തിൽ 84 പദ്ധതികളാണ് നടപ്പാക്കുന്നത്. ഇതിൽ 65 എണ്ണത്തിന്റെ നിർമ്മാണ ഉദ്ഘാടനമാണ് നാളെ പ്രധാനമന്ത്രി നിർവഹിക്കുന്നത്. പെട്രോളിയം ഉത്പന്നങ്ങളുടെ അഭൂതപൂർവമായ വിലക്കയറ്റം പരിഗണിക്കുമ്പോൾ വളരെ മുന്നേ തന്നെ പൂർത്തിയാക്കേണ്ട പദ്ധതിയായിരുന്നു ഇത്. സബ്സിഡിയില്ലാത്ത ഒരു ഗ്യാസ് സിലിണ്ടറിന് വില ആയിരം രൂപയോടടുക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രകൃതി വാതകത്തിന്റെ കടന്നുവരവ് സാധാരണക്കാർക്ക് വലിയ അനുഗ്രഹമാകും. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻ എല്ലാ ജില്ലകളിലും ജനങ്ങൾ സഹകരിക്കണമെന്നു മാത്രം.

സൗഖ്യം തരും, കായിക വിനോദങ്ങൾ



സദ്ഗുരു
ഇഷ ഫൗണ്ടേഷൻ

ഉരുണ്ടുകൊണ്ടിരിക്കുന്ന കല്ലിൽ പച്ചപിടിക്കില്ല എന്നൊരു ചൊല്ലുണ്ടല്ലോ. അതിനു പകരം ഒരു പന്തായാലോ? കഴിഞ്ഞ പതിനാലു വർഷങ്ങളായി ഉരുണ്ടു കൊണ്ടിരിക്കുന്ന ഒരു പന്ത്, നിൽക്കാൻ പോകുന്നില്ലെങ്കിലോ? അത് വേറൊരു കഥയാണ് ഇഷ ഗ്രാമോത്സവത്തിന്റെ കഥ.

ഗ്രാമോത്സവം എന്നാൽ ഒരാഘോഷമാണ്. ഗ്രാമീണ ഇന്ത്യയുടെ ആത്മാവിനെ സന്തോഷിപ്പിക്കുന്ന ആഘോഷം. ഇത് ഒരു കൂട്ടം കായിക വിനോദങ്ങളിലൂടെയാണ് സാധിക്കുന്നത്. ഇത്തരം കായിക വിനോദങ്ങൾ സാമുദായിക ഐക്യം വർധിപ്പിക്കും ആരോഗ്യം മെച്ചപ്പെടുത്തും, സ്ത്രീ ശാക്തീകരണം സാധ്യമാക്കും ഒപ്പം തൊഴിൽ ക്ഷമത കൂട്ടും എന്നും തെളിഞ്ഞിട്ടുണ്ട്. തമിഴ് നാട്ടിൽ ഓരോ വർഷവും ഇത് സംഘടിപ്പിക്കുന്നുണ്ട്. ശക്തമായ ആ ഗ്രാമീണ സംസ്കാരം ഒന്നുകൂടി പുതുക്കാനും ജാതി മതഭേദമില്ലാതെ എല്ലാ ആളുകളെയും ഒന്നിച്ചു കൊണ്ടുവരാനും അത് സഹായിക്കുന്നുണ്ട്.

ഈ വർഷം ആദ്യമായി ഗ്രാമോത്സവം വടക്കു കിഴക്കു ദിശയിലേക്കും വ്യാപിച്ച്, ഇന്ത്യയുടെ നെല്ലറ എന്നറിയപ്പെടുന്ന ആന്ധ്രപ്രദേശിലും ആരംഭിച്ചിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ ഗ്രാമീണ വികസന വകുപ്പ്, ഗ്രാമീണ ഇന്ത്യയെ സാമ്പത്തികവും സാമൂഹികവും ഭൗതികവുമായ വികസനം കാഴ്ചവയ്ക്കുന്ന സ്മാർട്ട് വില്ലേജുകളാക്കി മാറ്റാനും അതുവഴി സമൂല വികസനത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

കായിക വിനോദങ്ങൾ സമഗ്രമായ സൗഖ്യത്തിന് അത്യാവശ്യമാണെന്നു കണ്ടതിനെത്തുടർന്ന് യൂണിസെഫും ഇഷ ഫൗണ്ടേഷനും ചേർന്ന് പരീക്ഷണാടിസ്ഥാനത്തിൽ ഒരു പദ്ധതി നടപ്പിലാക്കുകയാണ്. ഈ പരിപാടി വിശാഖപട്ടണം ജില്ലയിലെ ആനന്ദപുരം മണ്ഡലത്തിലെ ഇരുപത്തിയാറ് ഗ്രാമപ്പഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത്. കായിക - വിനോദങ്ങൾക്കായി പ്രായത്തിന്റെയോ, സാമ്പത്തിക സ്ഥിതിയുടെയോ വ്യത്യാസമില്ലാതെ ആളുകൾ സ്ഥിരമായി ഒത്തുചേരുമ്പോൾ ഒരു സാമൂഹിക ബോധം വളരാനുള്ള സാധ്യത വർദ്ധിക്കും. സ്ത്രീകളുടെ ശാക്തീകരണവും ഇതിലൂടെ സാദ്ധ്യമാകും. ആളുകളെ അനാരോഗ്യകരമായ സ്വഭാവങ്ങളിൽ നിന്നും അകറ്റിനിറുത്താനും ഇത്തരം പരിപാടികൾക്ക് കഴിവുണ്ട്. എപ്പോഴെല്ലാം ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടോ അപ്പോഴെല്ലാം ഒരു തത്വം തെളിഞ്ഞു വന്നിട്ടുണ്ട്. ഒന്നിച്ചു കളിക്കുന്ന ഗ്രാമം എന്നും യോജിച്ചു നിൽക്കും എന്ന തത്വം!

പുരുഷന്മാരുടെ വോളിബാൾ മത്സരവും, സ്ത്രീകളുടെ ത്രോബാൾ മത്സരവും കഴിഞ്ഞ കുറെ ആഴ്ചകളായി ആനന്ദപുരം മണ്ഡലത്തിൽ നടന്നു കൊണ്ടിരിക്കുകയാണ്. ഈ മത്സരങ്ങൾ അവിടത്തെ ആളുകൾക്കിടയിൽ സന്തോഷം ഉണ്ടാക്കിയെന്നു മാത്രമല്ല, സമുദായങ്ങൾക്കിടയിൽ കൂട്ടുതൽ അടുപ്പവും വളർത്തിയിട്ടുണ്ട്. മത്സരത്തിൽ വിജയിയാകാത്ത ഒരു ടീമിനെ ഓരോ ഗ്രാമത്തിൽ നിന്നും തിരഞ്ഞെടുത്ത് അതിലെ ഓരോ സ്ത്രീയ്ക്കും ഓരോ പൂച്ചെടിയും ഫലവൃക്ഷത്തിന്റെ തൈയും സമ്മാനിച്ചു. ഒപ്പം ഒരു നിബന്ധനയും വച്ചു. ഇവയുടെ ഫലങ്ങൾ അവർ ഗ്രാമത്തിലുള്ള എല്ലാവരുമായി പങ്കുവയ്ക്കണം. മത്സരങ്ങൾക്ക് ഈ പ്രവൃത്തി ഒരു പ്രത്യേക ശോഭയാണ് നൽകിയത്. എല്ലാവരെയും സ്വീകരിക്കുന്ന ഒരു മനോഭാവം ജനിപ്പിക്കാൻ ഇതിനു കഴിഞ്ഞു.

ഇത്തരം ഉദ്യമങ്ങളുടെ യഥാർത്ഥ ഉദ്ദേശം മനസിലാക്കാൻ കളിക്കാർക്ക് സാധിച്ചതോടെ, ഗുണകരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാനും കഴിഞ്ഞു. ഇനിയും ഓരോ മണ്ഡലത്തിലും ഇത്തരം മത്സരങ്ങൾ സംഘടിപ്പിക്കാമെന്നും കളിക്കാർ നിശ്ചയിച്ചു. കളിക്കാരുടെ ആ ഒരു ചെറിയ പ്രവൃത്തി വാസ്തവത്തിൽ സമുദായത്തെ ആകമാനം പ്രവർത്തനനിരതമാക്കാനും എല്ലാവരും പരസ്പര സ്നേഹത്തോടെ ജീവിക്കാനും ഉള്ള അന്തരീക്ഷം ഒരുക്കാനും സഹായിച്ചു. മുപ്പത്തിയെട്ടു ഗ്രാമങ്ങളിൽ നിന്നായി 90 ടീമുകളാണ് പുരുഷന്മാരുടെ വോളിബോൾ മത്സരത്തിൽ പങ്കെടുത്തത്. ഇരുപത്തിയെട്ട് ഗ്രാമങ്ങളിൽ നിന്നായി 58 ടീമുകൾ സ്ത്രീകളുടെ ത്രോബോൾ മത്സരത്തിലും പങ്കെടുത്തു. 2017 നവംബർ 25 ന് നടന്ന ക്വാർട്ടർ ഫൈനലിൽ എട്ടുടീമുകൾ വീതം പങ്കെടുത്തു.

ആന്ധ്ര പ്രദേശിലെ ഗ്രാമങ്ങളുടെ തനതായ കളികളും പാട്ടുകളും പ്രത്യേക ഭക്ഷണ സാധനങ്ങളും പ്രദർശിപ്പിക്കുന്നത് വഴി ഇഷ ഗ്രാമോത്സവം ആ സംസ്ഥാനത്തെ ഗ്രാമീണ ജീവിതത്തെ മറ്റുള്ളവരുടെ മുൻപിൽ തുറന്നു കാണിക്കാൻ സഹായിക്കും. ഈ അസാധാരണ ഉത്സവവും വോളിബാൾ, ത്രോബാൾ മത്സരങ്ങളും നവംബർ ഇരുപത്തിയേഴിന് വിശാഖപട്ടണത്ത് സമാപിക്കുമ്പോൾ സദ്ഗുരുവും അവിടെ സന്നിഹിതനായിരിക്കും.

സമാപന സമ്മേളനം ഇഷ ഫൗണ്ടേഷനും യൂണിസെഫും തമ്മിലുള്ള പങ്കാളിത്തത്തിന്റെ ആഘോഷം കൂടി ആയിരിക്കും. ഈ കൂട്ടുകെട്ടിന്റെ ഉദ്ദേശം ഗ്രാമങ്ങളെ തങ്ങളുടെയും സമീപസ്ഥലങ്ങളിലുള്ളവരുടെയും ഉന്നമനത്തിനായി യോജിച്ചു പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കുക എന്നതാണ്.

ആനന്ദപുരമണ്ഡലത്തിലെ നിവാസികൾ, സ്കൂൾ കുട്ടികൾ, കോളേജിലെ യുവജനങ്ങൾ, ഗ്രാമവാസികൾ എന്നിവരടക്കം 7000 പേർ ഈ പരിപാടിയിൽ പങ്കെടുക്കുമെന്നാണ് കരുതുന്നത്. ഗ്രാമീണ ചേതന ഉണരുന്നത്, വലിയ തോതിൽ വ്യക്തിഗത മാറ്റങ്ങളുമുണ്ടാകും.

എപ്പോഴെല്ലാം ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടോ, അപ്പോഴെല്ലാം ഈ ഒരു തത്വം തെളിഞ്ഞു വന്നിട്ടുണ്ട്. ഒന്നിച്ചു കളിക്കുന്ന ഗ്രാമം എന്നും യോജിച്ചു നിൽക്കും എന്ന തത്വം

അഞ്ചു സംസ്ഥാനങ്ങൾക്ക് പറയാനുള്ളത്

പി.കെ.ഡി. നമ്പ്യാർ

ഇന്ത്യയിൽ തിരഞ്ഞെടുപ്പുകളെന്നാൽ അനുമാനങ്ങളും ആവേശവും ആഘോഷങ്ങളുമാണ്. ജയം ലക്ഷ്യമിട്ടുള്ള പ്രായോഗിക രാഷ്ട്രീയത്തിൽ ആശയങ്ങൾ തമ്മിലുള്ള പോരാട്ടങ്ങളില്ല. പുതിയ വിഷയങ്ങളും ആനുകാലിക പ്രശ്നങ്ങളുമാണ് തിരഞ്ഞെടുപ്പുകളിലെ ചർച്ചാ വിഷയം. കൂടാതെ അനേകം തിരഞ്ഞെടുപ്പുകളിലൂടെ കടന്നുപോയ ഇന്ത്യൻ വോട്ടർമാർ ഏറെ പക്വതയും കൈവരിച്ചു. അവർക്ക് രാഷ്ട്രീയവും തങ്ങളുടെ നീറുന്ന പ്രശ്നങ്ങളും അറിയാം. ആരെയാണ് കൊള്ളേണ്ടതെന്നറിയാം. ഒരുപരിധിക്കപ്പുറം ആർക്കും വശീകരിക്കാനാകില്ല. നന്നായി ഭരിക്കാൻ കഴിയുന്നവരെ തിരഞ്ഞെടുക്കാൻ കഴിവുള്ളവരാണ് ചെറുപ്പക്കാരടക്കമുള്ള വോട്ടർമാർ.

അഞ്ച് സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പുകൾ 2019ലേക്കുള്ള വാതായനമാണെന്നും സെമി ഫൈനലുകളെന്നും വിശേഷിപ്പിക്കാറുണ്ട്. അതിൽ കാര്യമുണ്ടോ. ഇന്ത്യൻ വോട്ടർമാർ പൊതുതിരഞ്ഞെടുപ്പിനെയും സംസ്ഥാന തിരഞ്ഞെടുപ്പിനെയും വേർതിരിച്ചറിയാൻ കഴിവുള്ളവരാണ്. പ്രസിഡന്റ് തിരഞ്ഞെടുപ്പ് പോലെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി ഒരാളെ മുൻനിറുത്തി ഒരു നേതാവിനു കീഴിൽ പോരാടുന്ന രീതിയിലേക്ക് തിരഞ്ഞെടുപ്പ് രീതി മാറാൻ തുടങ്ങിയിരിക്കുന്നു. രാജസ്ഥാനിൽ വസുന്ധര-സച്ചിൻ പൈലറ്റ് (ഫലങ്ങൾ കോൺഗ്രസിന് അനുകൂലമെങ്കിൽ അശോക് ഗെലോട്ടിനും സാദ്ധ്യത), മധ്യപ്രദേശിൽ ശിവ്രാജ് സിംഗ് ചൗഹാൻ-ജ്യോതിരാദിത്യ സിന്ധ്യ (കോൺഗ്രസിന് അനുകൂലമെങ്കിൽ സിന്ധ്യയ്ക്ക് ഭീഷണിയായി കമൽനാഥും), ഛത്തീസ്ഗഢിൽ രമൺ സിംഗ്-അജിത് ജോഗി, തെലുങ്കാനയിൽ കെ. ചന്ദ്രശേഖര റാവു-കോദണ്ഡരാം എന്നതാണ് പോരാട്ടമുഖം.

ഏറെ കൗതുകകരമായ വസ്തുത ഇവിടെയെല്ലാം ദേശീയ വിഷയങ്ങളെ അപ്രധാനമാക്കി അഭ്യന്തരവിഷയങ്ങൾ മേൽക്കൈ നേടുന്നു എന്നതാണ്. അഞ്ചുസംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ ഒരുദേശീയ നേതാവിന്റെയും നിഴൽ ആകാതെ തങ്ങളുടേതായ കർമ്മമണ്ഡലത്തിൽ സ്വയം ഇടം കണ്ടെത്തി വളർന്നു വലുതായവരാണ്. കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാന തിരഞ്ഞെടുപ്പുകളുടെ ഗതിയും മാറി. നല്ലതു ചെയ്യുന്ന സർക്കാരുകളെ ജനം വീണ്ടും അധികാരത്തിലേറ്റി. അതായത് പ്രകടനമാണ് തിരഞ്ഞെടുപ്പ് വിജയത്തിന്റെ അടിസ്ഥാനം.

മറ്റൊരു പ്രത്യേകത മൂന്ന് സംസ്ഥാനങ്ങളിൽ (രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ്) ബി.ജെ.പി സർക്കാരാണ്. രണ്ടിടത്ത് അവർ തുടർച്ചയായി മൂന്നതവണ അധികാരത്തിലേറി. തെലുങ്കാനയിലൊഴികെ നാലിടത്തും ബി.ജെ.പിയും കോൺഗ്രസും തമ്മിൽ നേരിട്ടാണ് മത്സരം. രണ്ട് ദേശീയ പാർട്ടികൾക്കും അവിടങ്ങളിൽ നേട്ടത്തിനും കോട്ടത്തിനും അവസരങ്ങളുമുണ്ട്.

അഞ്ച സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച ചോദ്യങ്ങൾ ഇവയാണ്: അവ 2019ന്റെ ഗതി നിർണയിക്കുമോ? രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ മനസിലാക്കും വിധം വോട്ടർമാർ വളർന്നോ. അവർക്ക് ഈ തിരഞ്ഞെടുപ്പുകളുടെ പ്രാധാന്യം അറിയുമോ. ഓരോ തിരഞ്ഞെടുപ്പും അവർ വേറിട്ട് കാണുമോ. തിരഞ്ഞെടുപ്പുകൾ രാജ്യത്തിന്റെ മൊത്തം അവസ്ഥയിലേക്കുള്ള ചൂണ്ടുപലകയാകുമോ?

2014ലെ തിരഞ്ഞെടുപ്പ് മോദിയും മറ്റുള്ളവരും തമ്മിലുള്ള പോരാട്ടമായിരുന്നെങ്കിൽ 2019 വരുമ്പോഴും അതിന് മാറ്റം വരുത്താൻ തക്കതായ ഒരു നേതാവിനെ പ്രതിപക്ഷത്തിന് ലഭിച്ചിട്ടില്ല. ഒരു നേതാവിന് കീഴിൽ. ഒരു ഒറ്റക്കെട്ടായി നിൽക്കാൻ കഴിയാതെ ചിതറിയ അവസ്ഥയിലാണവർ. മോദി വിരുദ്ധ പ്രതിപക്ഷകൂട്ടായ്മയുടെ യോഗ്യനായ നേതാവിലേക്ക് രാഹുൽ ഗാന്ധിക്ക് ഉയരാനായിട്ടുമില്ല. പ്രധാന പ്രതിപക്ഷകക്ഷികളായ തൃണമൂൽ, ഡി.എം.കെ. ബി.എസ്.പി എന്നിവ രാഹുലിനെ അവരുടെ നേതാവായി അംഗീകരിച്ചിട്ടില്ല. അതാത് സംസ്ഥാനങ്ങളിലെ രാഷ്ട്രീയ താത്പര്യങ്ങളും ദേശീയ തലത്തിലെ ആഗ്രഹങ്ങളും മനസിലിട്ട് പല തട്ടിലാണവർ.

കർണാടക, പഞ്ചാബ് നിയമസഭാ തിരഞ്ഞെടുപ്പുകളിലും മറ്റു ചില ഉപതിരഞ്ഞെടുപ്പുകളിലും തിരിച്ചടി നേരിട്ടെങ്കിലും മോദിയുടെ ജനപ്രിയതയ്ക്ക് കോട്ടം തട്ടിയിട്ടില്ല. ജി.എസ്.ടി, നോട്ട് നിരോധനം എന്നിവ ബുദ്ധിമുട്ട് സൃഷ്ടിച്ചെങ്കിലും അവ തങ്ങൾക്കു വേണ്ടി ആയിത്തീരുവെന്ന് ചിന്തിക്കാനും മോദിയുടെ ഉദ്ദേശ്യശുദ്ധി മനസിക്കാനും സാധാരണക്കാരന് കഴിയുന്നുണ്ട്. അതിനാൽ ശക്തമായ പ്രതിപക്ഷനിരയുടെ അഭാവത്തിൽ മോദി 2014ലെ പ്രകടനം 2019ലും ആവർത്തിക്കാനാണ് സാദ്ധ്യത.

അഞ്ചുസംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ ഒരുദേശീയ നേതാവിന്റെയും നിഴൽ ആകാതെ തങ്ങളുടേതായ കർമ്മമണ്ഡലത്തിൽ സ്വയം ഇടം കണ്ടെത്തി വളർന്നു വലുതായവരാണ്. കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാന തിരഞ്ഞെടുപ്പുകളുടെ ഗതിയും മാറി. നല്ലതു ചെയ്യുന്ന സർക്കാരുകളെ ജനം വീണ്ടും അധികാരത്തിലേറ്റി. അതായത് പ്രകടനമാണ് തിരഞ്ഞെടുപ്പ് വിജയത്തിന്റെ അടിസ്ഥാനം.

അഞ്ചുസംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ ആര് ജയിക്കുമെന്ന് ആഴ്ചകൾക്കുള്ളിൽ അറിയാം. പക്ഷേ ജയം ആരുടേതായാലും അതിന് 2019ലെ പൊതുതിരഞ്ഞെടുപ്പിനുമേൽ വലിയ സ്വാധീനമുണ്ടാക്കില്ല. കാരണം പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും തമ്മിലും ദേശീയ, സംസ്ഥാന വിഷയങ്ങൾ തമ്മിലുമുള്ള അന്തരം ആധുനിക ഇന്ത്യയിലെ വോട്ടർമാർക്കറിയാം. അതൊരു വസ്തുതയാണെങ്കിൽ ഊർജ്ജസ്വലമായ ജനാധിപത്യത്തിന്റെയും രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന്റെയും താത്പര്യത്തിനു വേണ്ടിയാണെന്ന് കരുതി ആഹ്ലാദിക്കാം.

(മാർക്കറ്റിംഗ് വിദഗ്ദ്ധനാണ് ലേഖകൻ)

സിനിമയുടെ വിശ്വജാലകം തുറന്ന് വീണ്ടും ബർഗ്മാൻ

വി.എസ്. രാജേഷ്

വൈൽഡ് സ്ട്രാബറീസ്

പനാജി. മനുഷ്യന്റെ ഏകാന്തതയും വൈകാരിക സമ്മർദ്ദങ്ങളും ഇത്രമാത്രം ചലച്ചിത്രമായി ആവിഷ്കരിച്ച വേറൊരു സംവിധായകൻ ഇംഗ്മർ ബർഗ്മാനെപ്പോലെ ഇനി വരുമെന്ന് തോന്നുന്നില്ല. സ്വീഡിഷ് സിനിമയിലെ വിശ്രുത ചലച്ചിത്രാചാര്യന് ജന്മശതാബ്ദി വർഷത്തിൽ ഗോവ സ്മൃതി പരമ്പരയിലൂടെ അഞ്ജലിയർപ്പിക്കുന്നു. ബർഗ്മാന്റെ ഏറ്റവും പ്രസിദ്ധമായ ഏഴു ചിത്രങ്ങളാണ് മേളയിൽ പ്രേക്ഷകന് വിരുന്നൊരുക്കിയിരിക്കുന്നത്. വൈൽഡ് സ്ട്രാബറീസ്, സെവൻത് സീൽ, പെഴ്സോണ, സാരബാൻഡ്, സമ്മർ വിത്ത് മോണിക്ക, ആട്ടും സൊണാറ്റ, ഫാനി ആൻഡ് അലക്സാണ്ടർ എന്നിവയാണ് ചിത്രങ്ങൾ. ഐനോക്സ് വളപ്പിനു സമീപം മക്വിനസ് പാലസ്-രണ്ടിലാണ് പ്രദർശനം.

കിം കി ഡുക്

നാടകത്തിലൂടെ സിനിമയിലേക്കു വന്ന ബർഗ്മാന്റെ സർഗാത്മകത ഓരോ ചിത്രം കഴിയുമ്പോഴും കൂടിക്കൂടി വന്നു. പ്രായം കൂടുന്നതനുസരിച്ച് കൂടുതൽ മികച്ചിത്രങ്ങളെടുത്തു ബർഗ്മാൻ. നാലോ അഞ്ചോ ചിത്രങ്ങൾ കഴിയുമ്പോൾ ക്രിയേറ്റിവിറ്റിയുടെ ഗ്രാഫ് താഴുന്നവർക്കിടയിൽ വിസ്മയമായി ബർഗ്മാൻ ഇന്നും നിലകൊള്ളുന്നു. വിവാഹങ്ങളിൽ മുങ്ങിക്കുളിച്ച. കുട്ടികളെ വളർത്താൻ കൂടി വേണ്ടിയാണ് സിനിമയെപ്പോഴും എടുത്തുകൊണ്ടിരുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി. കുടുംബങ്ങളിലെ സംഘർഷങ്ങളും ഭാര്യ-ഭർതൃ ബന്ധങ്ങളിലെ പൊരുത്തക്കേടുകളും ബർഗ്മാനെപ്പോലെ മറ്റാരും ആവിഷ്കരിച്ചിട്ടില്ല. സ്ത്രീ മനസ്, ആശയവിനിമയത്തിനുള്ള വൈമുഖ്യം, ബന്ധങ്ങളിലെ വൈചിത്ര്യങ്ങൾ, ലൈംഗികതയുടെ ആസക്തികൾ ഇതെല്ലാം കാലാനന്യതമായി തന്റെ ചിത്രങ്ങളിൽ സ്വാംശീകരിച്ച. സ്വപ്നങ്ങളാണ് സിനിമയെന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങളിലേക്ക് ആഴ്ന്നിറങ്ങി. നന്മയും തിന്മയും ചേരുന്നതാണ് മനുഷ്യനെന്ന് ബർഗ്മാന്റെ കഥാപാത്രങ്ങൾ തെളിയിച്ചു.

മേളയിൽ മികച്ച ചിത്രങ്ങൾ

ജാഫർ പനാഹി, ലാ വോൺ ട്രയർ, തുടങ്ങി ഗൊദാർദ് മുതൽ കിംകി ഡുക് വരെയുള്ള പ്രഗത്ഭ സംവിധായകരുടെ ചിത്രങ്ങൾ ഇത്തവണത്തെ പ്രത്യേകതയാണ്. മലയാളികൾക്ക് പ്രിയങ്കരനായ കിം കി ഡുകിന്റെ ഏറ്റവും പുതിയ ചിത്രം ഹ്യൂമൻ, സ്പേയ്സ്, ടൈം ആൻഡ് ഹ്യൂമൻ കാലിഡോസ്കോപ് വിഭാഗത്തിൽ പ്രദർശിപ്പിക്കും. മനുഷ്യർക്കിടയിലെ വിദ്വേഷമാണ് പ